## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3730 — 20.06.2019 ൽ മറുപടിയ്ക്ക്

### ദുരിതാശ്വാസ ക്യാംപുകളിലേക്ക് സാധനങ്ങൾ വാങ്ങിയതിലെ ക്രമക്കേട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ വിവിധ ക്യാമ്പുകളിൽ പ്രളയകാലത്ത് വിതരണം ചെയ്ത അരിയുടെ തൂക്കത്തിലും വെളിച്ചെണ്ണയുടെ പർച്ചേസിലും വൻ ക്രമക്കേട് നടന്നതായ ആക്ഷേപം അന്വേഷിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ആലപ്പുഴ ജില്ലയിലെ വിവിധ ക്യാമ്പുകളിൽ പ്രളയകാലത്ത് വിതരണം ചെയ്ത അരിയുടെ തൂക്കത്തിലും വെളിച്ചെണ്ണയുടെ പർച്ചേസിലും വൻ ക്രമക്കേട് നടന്നതായ ആക്ഷേപത്തെപ്പറ്റി അന്വേഷിക്കുകയും സപ്ലൈകോയ്ക്ക് നഷ്ടം ഉണ്ടായിട്ടില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര ലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്നാണ് കണ്ടെത്തിയിട്ടുള്ളത്; | | |
| (സി) | ഈ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | | |
| (ഡി) | സപ്ലൈകോയുടെ ശബരി വെളിച്ചെണ്ണ, കേരഫെഡിന്റെ കേര വെളിച്ചെണ്ണ എന്നിവ ഉള്ളപ്പോൾ അവ വാങ്ങാതെ കുത്തക കമ്പനിയുടെ വെളിച്ചെണ്ണ വാങ്ങി ക്യാമ്പുകളിൽ വിതരണം ചെയ്തത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ? | (ഡി) | പ്രളയകാല ദുരിതാശ്വാസ സമയത്ത് സപ്ലൈകോ ഔട്ട് ലെറ്റുകളിൽ ശബരി സബ്സിഡി വെളിച്ചെണ്ണ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് വെളിച്ചെണ്ണ കൂടുതലായി ആവശ്യം വന്നതിനാൽ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ആലപ്പുഴ ഡിപ്പോയിൽ വെളിച്ചെണ്ണ വാങ്ങിയത്. |

സെക്ഷൻ ഓഫീസർ